**പതിമൂന്നാംകേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.420** — **28.06.2012 – ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോർപ്പറേഷനുകളുടെ കീഴിലുള്ള റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. വി. ഡി. സതീശൻ**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. വർക്കല കഹാർ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോർപ്പറേഷനുകളുടെ കീഴിലുള്ള തെരഞ്ഞെടുത്ത റോഡുകളുടെ പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ; | (എ) 23.09.2011 -ലെ സ.ഉ.(സാധാ)നം. 1263/2011/പൊമവ പ്രകാരം സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളുടെ അധീനതയിലുള്ള റോഡുകളുടെ One Time Maintenance -ന് ആയി 157.96 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിരുന്നു. ഇതു കൂടാതെ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ റോസ് ഗാർഡൻസ് റസിഡന്റ്സ് അസോസിയേഷനിലെ റോഡിന് 12.03.2012 -ലെ സ.ഉ.(സാധാ)നം.378/2012/പൊമവ പ്രകാരം 10 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. ഇതിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിലെ റോഡുകളുടെ പുനരുദ്ധാരണം |

| | |
|---|---|
| | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം മുഖാന്തിരവും കൊച്ചി കോർപ്പറേഷനിലെ പ്രവൃത്തികൾ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖാന്തിരവുമാണ് നടപ്പാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോർപ്പറേഷൻ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുകയാണ്. |
| (ബി) ഇതിന് എന്തു തുക വകയിരുത്തിയിരുന്നുവെന്ന് വിവരിക്കുമോ; | (ബി) അഞ്ചു കോർപ്പറേഷനുകൾക്കുമായി 157.96 കോടി രൂപ 23.09.2011 -ലെ സ.ഉ.(സാധാ)നം. 1263/2011/ പൊമവ പ്രകാരം വകയിരുത്തിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>തിരുവനന്തപുരം കോർപ്പറേഷൻ - 42.48 കോടി<br>കൊല്ലം കോർപ്പറേഷൻ - 9.44 കോടി<br>കൊച്ചി കോർപ്പറേഷൻ - 31.94 കോടി<br>തൃശ്ശൂർ കോർപ്പറേഷൻ - 34.10 കോടി<br>കോഴിക്കോട് കോർപ്പറേഷൻ - 40.00 കോടി<br>കൂടാതെ 12.03.2012 -ലെ സ.ഉ.(സാധാ)നം.378/2012/പൊമവ പ്രകാരം 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോർപ്പറേഷനുകളിലെ ഇത്തരം റോഡുകളുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; | (സി) | തിരുവനന്തപുരം കോർപ്പറേഷനിൽ 104 പ്രവൃത്തികളും കൊല്ലം കോർപ്പറേഷനിൽ 31 പ്രവൃത്തികളും കൊച്ചി കോർപ്പറേഷനിലെ 7 പ്രവൃത്തികളും കോഴിക്കോട് കോർപ്പറേഷനിലെ 2 പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികളെല്ലാം പുരോഗതിയിലാണ്. |
| (ഡി) | എങ്കിൽ പ്രവൃത്തികൾ പൂർത്തിയാക്കാത്ത പ്രസ്തുത റോഡുകൾ സമയബന്ധിതമായി തീർക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Dalitha

സെക്ഷൻ ഓഫീസർ